ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**

**0471 2561307**

**നടപടിക്രമം**

സാങ്കേതിക - വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - കേരള പി എസ്.സി നിയമന ശിപാർശ ചെയ്ത ഉദ്യോഗാർത്ഥി - **ശ്രീ അതുൽ എ** - ട്രേഡ്സ്മാൻ (ഇലക്ട്രിക്കൽ/വയർമാൻ) - പ്രവേശനകാലം ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു:-

---

**ജീവനക്കാര്യം ( ബി ) വിഭാഗം**

**നം. DTETVM/1621/2026-EB3 (EB** **തിരുവനന്തപുരം, തീയതി : 23-02-2026**

---

വായന :-

1. 26.12.2025 തീയതിയിലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ R1C-1/23/2025-KPSC നം. നിയമന ശിപാർശ കത്ത്.
2. ഈ കാര്യാലയത്തിൽ നിന്നുമുള്ള 13.02.2026 തീയതിയിലെ DTETVM/6375/2025-EB3 (EB) നം. നിയമന ഉത്തരവ്.
3. സ.ഉ.(പി) നമ്പർ 15/20/ഉഭപവ തീയതി. 28/10/2020.
4. ശ്രീ അതുൽ എ -യുടെ 20.02.2026 തീയതിയിലെ അപേക്ഷ.

**ഉത്തരവ്**

വായന (1) ലെ നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ **ശ്രീ അതുൽ എ** എന്ന ഉദ്യോഗാർത്ഥിയെ ₹26500-60700/- രൂപ ശമ്പള നിരക്കിൽ ട്രേഡ്സ്മാൻ (ഇലക്ട്രിക്കൽ/വയർമാൻ) തസ്തികയിൽ വായന (2) പ്രകാരം നിയമനം നൽകുകയും ടി ഉത്തരവ് കൈപ്പറ്റി 28.02.2026 തീയതിയിലോ അതിന് മുൻപായോ കർത്തവ്യനിർവ്വഹണത്തിന് ഹാജരാകുവാനുമാണ് നിർദ്ദേശിച്ചിരുന്നത്.

എന്നാൽ **ശ്രീ അതുൽ എ** ഇപ്പോൾ ജോലി ചെയ്തുവരുന്ന വകുപ്പിൽ നിന്നും വിടുതൽ ചെയ്യേണ്ടതുണ്ടെന്നും ഇതിൽ കാലതാമസം നേരിടുന്നതിനാൽ പ്രവേശന കാലം 45 ദിവസത്തേക്ക് ദീർഘിപ്പിച്ച് നൽകണമെന്നും സൂചന (3) പ്രകാരം അപേക്ഷച്ചിരിക്കുന്നു. പി.എസ്.സി. മുഖേന നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികളുടെ പ്രവേശന കാലം ദീർഘിപ്പിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ വായന (3) ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, വായന (3) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ടിയാന് അനുവദിച്ചിരുന്ന പ്രവേശനകാലം വായന (2)-ലെ നിയമന ഉത്തരവ് തീയതി മുതൽ 45 ദിവസത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

**ശ്രീ അതുൽ എ**, വായന (2) പ്രകാരമുള്ള ഉത്തരവ് തീയതി മുതൽ 45 ദിവസം തികയുന്ന ദിവസമോ അതിനുമുമ്പായോ സ്ഥാപനമേധാവി മുമ്പാകെ കർത്തവ്യനിർവ്വഹണത്തിന്

ഹാജരാകേണ്ടതാണ്.

**Dr JAYAPRAKASH P**

**DIRECTOR**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Digitally signed by
Jayaprakash P
Date: 23-02-2026
17:59:53